**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2373** **12-12-2022 - ൽ മറുപടിയ്ക്ക്**

**എം.ബി.ബി.എസ്.അഡ്മിഷൻ ഫീസ് നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. അഡ്മിഷന് ഇപ്പോൾ നിലനിൽക്കുന്ന ഫീസ് നിരക്കുകൾ പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | റിട്ട.ഹൈക്കോടതി ജഡ്ജി ചെയർമാനായ ഫീ റെഗുലേറ്ററി കമ്മിറ്റിയാണ് സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് ഫീസ് നിരക്കുകൾ നിശ്ചയിക്കുന്നത്. |
| (ബി) | സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ തീരുമാനപ്രകാരം അൻപത് ശതമാനം സീറ്റുകളിൽ സർക്കാർ ഫീസ് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ തീരുമാനപ്രകാരം അൻപത് ശതമാനം സീറ്റുകളിൽ സർക്കാർ ഫീസ് ഏർപ്പെടുത്തണമെന്നുള്ള നിർദേശങ്ങൾക്കെതിരെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ബഹു.ഹൈക്കോടതി മുൻപാകെ WP(c)Nos.5503,5851& 24112/2022സമർപ്പിക്കുകയും 50% സീറ്റിൽ സർക്കാർ ഫീസ് എന്ന നിർദേശം കേരള സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ പ്രയോഗികമല്ലാത്തതിനാൽ നടപ്പാക്കേണ്ടതില്ലെന്നും കമ്മീഷന്റെ മെമ്മോറാണ്ടത്തിൽപ്പറയുന്ന മറ്റു നിർദേശങ്ങൾ പാലിച്ച് ഫീസ് നിർണയിക്കുവാനും ബഹു.ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ